**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1388** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വാഗമൺ ടൂറിസം പദ്ധതിയുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സിറിയക് തോമസ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പീരുമേട് നിയോജകമണ്ഡലത്തിലെ വാഗമൺ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ ചെയ്തിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 01/03/2006 തീയതിയിലെ GO (Rt) No. 1566/06/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വാഗമൺ ടൂറിസ്റ്റ് കോംപ്ലക്സ് പദ്ധതിക്ക് 2.48 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പദ്ധതി പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** മൂന്ന് കോടി രൂപയോളം ചെലവഴിച്ച് ഭൂരിഭാഗവും പൂർത്തിയാക്കിയ പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വാഗമൺ ടൂറിസം കോംപ്ലക്സ് ഇടുക്കി ഡി.റ്റി.പി.സി. ക്ക് കൈമാറാനും PPP മാതൃകയിൽ നിക്ഷേപകരെ കണ്ടെത്തി പ്രവർത്തിപ്പിക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്. ഇടുക്കി ഡി.റ്റി.പി.സി മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2025 അവസാനഘട്ടത്തിൽ സംരംഭകരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിക്കാതെ മുടങ്ങികിടക്കുന്ന സാഹചര്യം കണക്കിലെടുത്ത് പദ്ധതി മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വാഗമൺ ടൂറിസം കോംപ്ലക്സ് ഇടുക്കി ഡി.റ്റി.പി.സി. ക്ക് കൈമാറാനും PPP മാതൃകയിൽ നിക്ഷേപകരെ കണ്ടെത്തി പ്രവർത്തിപ്പിക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്. ഇടുക്കി ഡി.റ്റി.പി.സി മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**